# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 31.10.2024**

### പ്രധാനവാർത്തകൾ

1. ഐക്യത്തിനും സുരക്ഷയ്ക്കും ഭീഷണി ഉയർത്തുന്ന വെല്ലുവിളികൾ രാജ്യത്തിന് മുന്നിലുണ്ടെന്നും പൗരന്മാരോട് ജാഗരൂകരായിരിക്കണമെന്നും അഭ്യർത്ഥിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. ദീപാവലി സീസണിൽ 58 പ്രത്യേക ട്രെയിനുകളും 272 അധിക സർവീസുകളും നടത്തുമെന്ന് ദക്ഷിണ റെയിൽവെ തിരുവനന്തപുരം ഡിവിഷൻ.

3. മലപ്പുറം ആനക്കല്ലിൽ ഭൂമിക്കടിയിൽ നിന്ന് സ്ഫോടന ശബ്ദമുണ്ടായ പ്രദേശത്തെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുമെന്ന് മന്ത്രി ജി ആർ അനിൽ.

4. നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചതോടെ വയനാട്, ചേലക്കര, പാലക്കാട് മണ്ഡലങ്ങളിലെ ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടുപിടിക്കുന്നു.

5. ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് പഞ്ചാബ്-ചെന്നൈയിൻ എഫ്.സി യെ നേരിടും.

****************************************

## പ്രധാനമന്ത്രി-ഏകതാ ദിവസ്

സർദാർ വല്ലഭായ് പട്ടേലിൻ്റെ ജന്മവാർഷിക ദിനത്തിൽ ഗുജറാത്തിലെ കേവാഡിയയിലെ ഏകതാ നഗറിൽ നടന്ന രാഷ്ട്രീയ ഏകതാ ദിവസ് പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു. രാഷ്ട്രത്തെ ഏകീകരിക്കുന്നതിന് സർദാർ പട്ടേൽ നൽകിയ വിലപ്പെട്ട സംഭാവനകൾ അദ്ദേഹം അനുസ്മരിച്ചു. (ബൈറ്റ്)
കഴിഞ്ഞ പത്ത് വർഷമായി സർക്കാരിൻ്റെ നയപരിപാടികളിലൂടെ രാഷ്ട്രത്തിൻ്റെ ആത്മാവിനെ നിരന്തരം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഐക്യത്തിനും സുരക്ഷയ്ക്കും ഭീഷണി ഉയർത്തുന്ന വെല്ലുവിളികൾ രാജ്യത്തിന് മുന്നിലുണ്ടെന്നും ജാഗരൂകരായിരിക്കാനും പ്രധാനമന്ത്രി പൗരന്മാരോട് അഭ്യർത്ഥിച്ചു. നാനാത്വത്തിൽ ഏകത്വം ഉൾക്കൊള്ളണമെന്നും അദ്ദേഹം പറഞ്ഞു.

PNU TVPM

**************************************

## ഇന്ത്യൻ റെയിൽവേ-ട്രെയിൻ

ദീപാവലി സീസണിൽ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് 7,000 സ്പെഷ്യൽ ട്രെയിനുകൾ അനുവദിച്ചതായി ഇന്ത്യൻ റെയിൽവേ. ഇതോടെ പ്രതിദിനം രണ്ട് ലക്ഷത്തോളം അധിക സീറ്റുകൾ ലഭ്യമാകും. 58 പ്രത്യേക ട്രെയിനുകളും 272 അധിക സർവീസുകളും നടത്തുമെന്ന് ദക്ഷിണ റെയിൽവെ തിരുവനന്തപുരം ഡിവിഷൻ അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനു കീഴിലെ 10 ട്രെയിനുകളിൽ അധിക കോച്ചുകൾ അനുവദിച്ചു. ഏറെ തിരക്കുള്ള തിരുവനന്തപുരം – ന്യൂഡൽഹി; തിരുവനന്തപുരം- ബെംഗളൂരു; കോട്ടയം - ചെന്നൈ; യശ്വന്ത്പുർ - കോട്ടയം പാതകളിൽ ഉൾപ്പെടെയാണ് പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുക.

**************************************

## ജി.ആർ.അനിൽ

മലപ്പുറം എടക്കര പോത്ത്കല്ല് ആനക്കല്ലിൽ ഉഗ്രസ്ഫോടന ശബ്ദമുണ്ടായ പ്രദേശത്തെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുമെന്ന് മന്ത്രി ജിആർ അനിൽ. ഉഗ്രസ്ഫോടന ശബ്ദത്തെ തുടർന്ന് വിള്ളൽ വീണ വീടുകൾ മന്ത്രി ഇന്നലെ രാത്രി സന്ദർശിച്ചു. അതേസമയം, ജിയോളജി, ദേശീയ ദുരന്ത നിവാരണ അതോരിറ്റി ഉദ്യോഗസ്ഥർ പ്രദേശത്ത് പരിശോധന നടത്തി. സംഭവത്തിൽ ആശങ്ക വേണ്ടെന്നാണ് സംഘത്തിൻറെ പ്രാഥമിക നിഗമനം.

**************************************

## ആലപ്പുഴ (ഇൻട്രോ)

അപ്പർ കുട്ടനാട്ടിൽ നെൽകൃഷിക്കുള്ള ഒരുക്കങ്ങൾ

പുരോഗമിക്കുന്നു. വിത്ത് വിത അടുത്തയാഴ്ച ആരംഭിക്കും.

വിശദാംശങ്ങളുമായി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ....

(വോയിസ്)

RNU TVPM

**************************************

## വെടിക്കെട്ട് അപകടം-മനുഷ്യാവകാശ കമ്മീഷൻ

കാസർകോട് നീലേശ്വരത്ത് കളിയാട്ടത്തിനിടെ ഉണ്ടായ വെടിക്കെട്ടപകടത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടു. ജില്ലാ കളക്ടറും ജില്ലാ പോലീസ് മേധാവിയും 15 ദിവസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശം.

അപകടത്തിൽ 150 ൽ അധികം പേർക്കാണ് പരിക്കേറ്റത്. പരിക്കേറ്റവരുടെ ചികിത്സാ ചെലവ് വഹിക്കാൻ ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. അതേസമയം, സംഭവവുമായി ബന്ധപ്പെട്ട് ഒരാളെ കൂടി ഇന്നലെ

അറസ്റ്റ് ചെയ്തു.

***************************************

## എഡിഎം-ജാമ്യാപേക്ഷ

കണ്ണൂർ എ ഡി എം, കെ നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ വനിതാ ജയിലിൽ റിമാൻഡിൽ കഴിയുന്ന ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ട് പി പി ദിവ്യ സമർപ്പിച്ച ജാമ്യാപേക്ഷ കോടതി നാളെ പരിഗണിച്ചേക്കും. തലശ്ശേരി ജില്ലാ സെഷൻസ് കോടതിയിൽ ജഡ്ജി കെ.ടി. നിസാർ അഹമ്മദിന് മുൻപാകെ ഇന്നലെയാണ് ജാമ്യാപേക്ഷ നൽകിയത്.

RNU TVPM

***************************************

## വയനാട്- ചേലക്കര

സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചതോടെ മത്സരചിത്രം വ്യക്തമായി. ഇതോടെ മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികൾ തിരക്കിട്ട പ്രചാരണത്തിലാണ്.

വയനാട്ടിൽ യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്ക ഗാന്ധിയുടെ പ്രചാരണത്തിനായി മുൻ കെ പി സി.സി അധ്യക്ഷൻ കെ മുരളീധരൻ ഇന്ന് മണ്ഡലത്തിലെ വിവിധ പരിപാടികളിൽ പ്രസംഗിക്കും. ബത്തേരി മണ്ഡലത്തിലാണ് എൽ ഡി ഫ് സ്ഥാനാർത്ഥി സത്യൻ മൊകേരിയുടെയും എൻഡിഎ സ്ഥാ

നാർത്ഥി നവ്യ ഹരിദാസിൻറെയും ഇന്നത്തെ പ്രചാരണം. പാലക്കാട് നിയമസഭാ മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പാലക്കാട് നഗരസഭാ പ്രദേശങ്ങളിലാണ് വോട്ടഭ്യർത്ഥന നടത്തുന്നത്. എൽ.ഡി.എഫ് സ്ഥാനാർഥി ഡോ പി.സരിൻ രാവിലെ ഒലവക്കോട് ടൗണിൽ നിന്ന് പ്രചരണം ആരംഭിച്ചു. കണ്ണാടി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലാണ് എൻഡിഎ സ്ഥാനാർഥി സി. കൃഷ്ണകുമാറിൻറെ ഇന്നത്തെ പ്രചരണം. ചേലക്കരയിലെ യുഡിഎഫ് സ്ഥാനാർത്ഥി രമ്യ ഹരിദാസിന്റെ മണ്ഡല പര്യടനം ദേശമംഗലം പഞ്ചായത്തിൽ ആണ് നടക്കുന്നത്. എൽഡിഎഫ് സ്ഥാനാർത്ഥി യു ആർ പ്രദീപിൻറെ പര്യടനത്തിന്റെ ഭാഗമായി മന്ത്രി ഒ ആർ കേളു തിരുവില്വാമല, പഴയന്നൂർ, എളനാട് എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയാണ്. വരവൂർ പഞ്ചായത്തിലാണ് എൻഡിഎ സ്ഥാനാർഥി കെ ബാലകൃഷ്ണൻറെ ഇന്നത്തെ പ്രചാരണം.

RNU TVPM

*************************************

## ദീപാവലി

നന്മയുടെ സന്ദേശവുമായി രാജ്യമെങ്ങും ഇന്ന് ദീപാവലി ആഘോഷിക്കുന്നു. വിദേശരാജ്യങ്ങളിലും നിറപ്പകിട്ടാർന്ന ദീപാവലി ആഘോഷത്തിലാണ് ഇന്ത്യക്കാർ. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ അടക്കമുള്ളവർ ജനങ്ങൾക്ക് ദീപാവലി ആശംസകൾ നേർന്നു.

*************************************

## ശുചിത്വ മാലിന്യം (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ ബസ് സ്റ്റാൻഡുകളുടെ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങളെക്കുറിച്ചുള്ള നിലവിലെ അവസ്ഥാ

പഠനം ആരംഭിച്ചു. സമ്പൂർണ ശുചിത്വ മാലിന്യ സംസ്കരണ ജനകീയ കാമ്പയിനിന്റെ ഭാഗമായാണ് പഠനം. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ.............**

(വോയിസ്)

**************************************

## കേരളപ്പിറവി

ഐക്യ കേരളത്തിന് ഇന്ന് 68 വർഷം പൂർത്തിയാകുന്നു. നാളെ 69-ാം കേരളപ്പിറവി ദിനം. 1956 നവംബർ ഒന്നിനാണ് തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപീകൃതമായത്. ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നവംബർ ഒന്ന് മലയാള ദിനമായും ഒന്നു മുതൽ ഏഴു വരെ ഭരണഭാഷാ വാരമായി സർക്കാർ തലത്തിൽ ആഘോഷിക്കും. മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം നാളെ സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ ലക്ഷ്യത്തിലേക്ക് എത്തുന്നതിന്റെ ഭാഗമായ ഹരിത മാതൃകാ പ്രഖ്യാപനങ്ങൾ കേരളപ്പിറവി ദിനത്തിൽ നടക്കും. ഒക്ടോബർ 2 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ജനകീയ ക്യാമ്പയിന്റെ ഒന്നാംഘട്ടത്തിൽ 17,339 സ്ഥാപനങ്ങളാണ് ഹരിതമായി പ്രഖ്യാപിക്കുന്നത്.

**************************************

RNUTVPM

## ഐ.എസ്.എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് പഞ്ചാബ്- ചെന്നൈയിൻ എഫ്.സി യെ നേരിടും. ന്യൂഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30

നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഹൈദരാബാദ് എഫ്.സി യെ ഏകപക്ഷീയമായ രണ്ട് ഗോളുകൾക്ക് മോഹൻബഗാൻ തോൽപിച്ചു.

**************************************

## കാസർഗോഡ് (ഇൻട്രോ)

കാസർഗോഡ് കുള്ളൻ പശുക്കളെ ഇന്ത്യയിലെ ഒരു തനത് ബ്രീഡായി അംഗീകരിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾക്ക് തുടക്കമായി.

കൂടുതൽ വിവരങ്ങളുമായി കാസർഗോഡ് ജില്ലാ പ്രതിനിധി
**പി.ജഗന്നിവാസൻ....**
(വോയിസ്)

**************************************

## ചങ്ങനാശ്ശേരി -അതിരൂപത

ചങ്ങനാശ്ശേരി അതിരൂപതയുടെ ആർച്ച് ബിഷപ്പായി മാർ തോമസ് തറയിൽ അഭിഷിക്തനായി. ചങ്ങനാശ്ശേരി മെത്രോപോലീത്തൻ പള്ളിയിൽ നടന്ന സ്ഥാനരോഹണ ശുശ്രൂഷകൾക്ക് മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിച്ചു. അതിരൂപതയുടെ ഒമ്പതാമത് ബിഷപ്പും അഞ്ചാമത് ആർച്ച് ബിഷപ്പുമാണ് മാർ തോമസ് തറയിൽ.

**************************************

## ശബരിമല

ചിത്തിരയാട്ട - ദീപാവലി പൂജകൾക്കായി ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്. ചിത്തിരയാട്ട പൂജകൾ പൂർത്തിയാക്കി ഇന്ന് രാത്രി 10 ന് നട അടയ്ക്കും.

*************************************

## കണ്ണൂർ -മഞ്ഞപ്പിത്തം

കണ്ണൂർ തളിപ്പറമ്പ് മേഖലയിൽ മഞ്ഞപ്പിത്തം പടരുന്ന സാഹചര്യത്തിൽ ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി. കഴിഞ്ഞദിവസം തളിപ്പറമ്പ് ഹിദായത്ത് നഗറിലെ സഹോദരങ്ങളായ രണ്ടുപേർ മഞ്ഞപ്പിത്തത്തെ തുടർന്ന് മരിച്ചിരുന്നു. ഡെപ്യൂട്ടി ഡി എം ഒയുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ് സംഘം സ്ഥലം സന്ദർശിച്ചു.

********************************************************

*************************************

***********************

RNU TVPM